ഒന്നരലക്ഷത്തോളം മരങ്ങൾ നട്ടുപിടിപ്പിച്ച ഒരു ബസ് കണ്ടക്ടറെ പരിചയപ്പെടൂ...

# കാക്കിക്കുള്ളിലെ പച്ച

മധു തൃപ്പെരുന്തുറ

*മരങ്ങൾ കവിതകളാണ്*
*ഭൂമി ആകാശത്തിലെഴുതിയവ*
*നാമവയെ വെട്ടിമാറ്റുന്നു*
*നമ്മുടെ പൊള്ളത്തരങ്ങൾ*
*കോറിയിടാൻവേണ്ടി മാത്രം*
*-ഖലീൽ ജിബ്രാൻ*

ഒന്നരലക്ഷത്തോളം മരം നടുകയും അതിന് തണ്ണീർ തെവി ഉയിർ നൽകുകയും ചെയ്ത എം. യോഗാനന്തൻ എന്ന മാരിമുത്തു യോഗാനന്തന് ഓരോ മരം നടുമ്പോഴും ഓരോ 'കൊളന്ത പിറന്ന മാതിരി'. ഒന്നരലക്ഷത്തോളം കൊളന്തകൾ! അവർ തമിഴ്നാട്ടിലെ 32 ജില്ലകളിലും തണൽവിരിച്ച് വിരാജിക്കുന്നു.

കോയമ്പത്തൂർ തിരുമലൈ സ്വാമി സ്ട്രീറ്റിലെ വാടകവീട്ടിലിരുന്ന് യോഗാനന്തൻ തന്റെ ഹരിതസ്വപ്നങ്ങൾക്ക് ചിറകുമുളപ്പിക്കുമ്പോൾ ഭാഷയുടെ അതിർവരമ്പുകൾ പോലും അലിഞ്ഞലിഞ്ഞില്ലാതെയായി. തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മരുതമലൈ - ഗാന്ധിപുരം റൂട്ടിലെ നമ്പർ 70 ബസ് കണ്ടക്ടറായ ഈ 'പച്ചമനുഷ്യൻ' തന്റെ വരുമാനത്തിന്റെ നല്ലൊരുഭാഗം പരിസ്ഥിതി പ്രവർത്തനങ്ങൾക്കാണ് നീക്കിവെക്കുന്നത്. 'ഉയിർവാഴ്ക ഒരു മരം' പദ്ധതിയുമായി തമിഴകത്തെ മൂവായിരത്തിലധികം വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കുട്ടികളുമായി ഈ 'മരപ്രഭു' ഇതിനോടകം സംവദിച്ചുകഴിഞ്ഞു.

അക്കാദമിക് പാണ്ഡിത്യമല്ല, താൻ കണ്ടതും കേട്ടതും അനുഭവിച്ചതുമായ പ്രകൃതിയുടെ തിരിച്ചടികൾ പ്രൊജക്ടറിന്റെ സഹായത്തോടെ വിശദീകരിച്ചുകൊടുക്കുമ്പോൾ ആ വാക്കുകളിലെ ആത്മാർഥത ആർക്കും തൊട്ടറിയാം. മനുഷ്യർ ഡോഡോ പക്ഷിയെ വംശനാശം വരുത്തിയതിലൂടെ എങ്ങനെ കൽവരിയ വൃക്ഷത്തിന്റെ കുറ്റിയറ്റുപോയി എന്ന് സോദാഹരണം സമർഥിക്കുമ്പോൾ ജീവന്റെ നിലനിൽപ്പിന് പ്രകൃതിയുടെ മഹാപാരസ്പര്യം എത്രവലുതെന്ന് കുട്ടികൾ തിരിച്ചറിയുന്നു. സംവാദത്തിനൊടുവിൽ കുട്ടികൾക്ക് നടാൻ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു. ഒരു മരമെങ്കിലും നടാൻ അവരെ പ്രചോദിപ്പിക്കുന്നു. ജന്മദിനത്തിൽ വിദ്യാർഥികൾ നട്ട പുങ്കൻമരവും വേമ്പുമരവും ഇളുപ്പൈമരവും അറുമരവും വാഹമരവും ആലമരവുമൊക്കെ ശെൽവം, മണികണ്ഠൻ, ജ്ഞാനേശ്വരി, വീരമണി, സത്യമതി, വളർമതി തുടങ്ങിയ പേരുകളിലാണ് ഇന്നറിയപ്പെടുന്നത്. മരം നട്ട കുട്ടികളുടെ പേരിൽത്തന്നെ മരവും അറിയപ്പെട്ടതോടെ കുട്ടികൾക്കിടയിൽ മരം നടാൻ മത്സരമായി. മരം നട്ടതുകൊണ്ടുമാത്രമായില്ല, നട്ട മരത്തെ പരിപാലിക്കാൻവേണ്ട നിർദേശങ്ങൾ യോഗാനന്തനിൽനിന്ന് മുറയ്ക്ക് എത്തുകയും ചെയ്യും. അടുത്തിടെ കോയമ്പത്തൂർ സെൻട്രൽ ജയിലിലെ 32 ഏക്കർ വരണ്ടമണ്ണ് തടവുപുള്ളികൾക്കൊപ്പം യോഗാനന്തൻ ഹരിതമോഹനമാക്കി.

യോഗാനന്തനിൽ വൃക്ഷസ്നേഹം മൊട്ടിട്ടതിന് അദ്ദേഹത്തിന്റെ ബാല്യകാലത്തെ അനുഭവങ്ങൾക്ക് വലിയ പങ്കുണ്ട്. അച്ഛൻ മാരിമുത്തുവിനെക്കുറിച്ച് നേരിയൊരോർമ മാത്രമേയുള്ളൂ. അമ്മ വേലമ്മാൾ നീലഗിരി എസ്റ്റേറ്റിൽ കൊളുന്തു നുള്ളുന്ന തൊഴിലാളിയായിരുന്നു. യോഗാനന്തനുൾപ്പെടെ ആറ് മക്കൾ. കടുത്തപട്ടിണിയുടെ നാളുകളായിരുന്നു അത്.

> കുട്ടികളുടെ പേരിൽത്തന്നെ മരവും അറിയപ്പെട്ടതോടെ മരം നടാൻ മത്സരമായി

കോത്തഗിരി ഹയർ സെക്കൻഡറി സ്കൂളിലെത്താൻ ഹാവുക്കൽ എസ്റ്റേറ്റിൽനിന്ന് പതിമൂന്നു കിലോമീറ്റർ വനത്തിലൂടെ നടക്കണം.

പ്രകൃതി ഒരു പാഠപുസ്തകമായി യോഗാനന്തനുമുമ്പിൽ മലർക്കെ തുറന്നു. മാമലകളും മഹാമരങ്ങളും കളിക്കൂട്ടുകാരായി. വിശക്കുമ്പോൾ പഴങ്ങൾ അടർത്തിത്തിന്നും ദാഹിക്കുമ്പോൾ കാട്ടുചോലയെ കുടിച്ചുമുള്ള ആ യാത്ര പ്രകൃതിക്കൊപ്പമുള്ള ജീവിതയാത്രയുടെ പാദമുദ്രകളായി ഭവിച്ചു. തേയിലഫാക്ടറിയിലെ സംസ്കരണത്തിന് കാട്ടിൽനിന്ന് വന്മരങ്ങൾ പലതും മുറിച്ചുകൊണ്ടുപോകാൻ തുടങ്ങിയതോടെ യോഗാനന്തന്റെ മനസ്സ് വേദനിച്ചു. സ്കൂളിന്റെ ചുവരുകളിലും മതിലുകളിലുമൊക്കെ പോസ്റ്റർ ഒട്ടിച്ച് അവൻ പ്രതിഷേധിച്ചു. കടുത്തമർദനമായിരുന്നു പകരം കിട്ടിയത്.

പ്രതിഷേധത്തിന്റെ ആ അഗ്നി അതേ അളവിൽ ഇന്നും കെട്ടുപോകാതെ മനസ്സിൽ കാത്തുസൂക്ഷിക്കുന്നു. മരശരീരത്തിൽ ആണിയടിക്കുമ്പോഴും പുഴകളിൽനിന്ന് മണലൂറ്റുമ്പോഴും ആനമേളകൾ നടത്തുമ്പോഴും കീടനാശിനികൾ തളിക്കുമ്പോഴും മാലിന്യം നിരത്തുകളിൽ നിക്ഷേപിക്കുമ്പോഴുമൊക്കെ ആ അഗ്നി ആളിക്കത്തുന്നു.




യോഗാനന്തൻ വൃക്ഷത്തൈയുമായി

പ്ലാച്ചിമടയിൽ ജലചൂഷണത്തിനെതിരെ മേധാപട്കർക്കൊപ്പം പ്രതിഷേധിക്കാൻ, ഉണ്ണാവ്രതമിരിക്കാൻ യോഗാനന്തനും ഓടിയെത്തി.

മരിക്കാൻ കിടക്കുന്നവർക്ക് ബന്ധുക്കൾ പാലുകൊടുക്കുന്ന തമിഴ്നാട്ടിലെ വിശുദ്ധമായ ആചാരംപോലെ ഒന്ന് വെട്ടിയിട്ട മരങ്ങൾക്ക് പ്രതീകാത്മകമായി പാല് കൊടുത്തുകൊണ്ട് യോഗാനന്തൻ നിർവഹിച്ചപ്പോൾ അത് വൻ വിവാദമായി. പ്രതികരിക്കുന്ന ഈ കണ്ടക്ടറോട് അധികൃതരും പ്രതികരിച്ചു. രണ്ട് വർഷത്തിനുള്ളിൽ 11 സ്ഥലംമാറ്റം.

2008-ൽ കേന്ദ്ര സർക്കാറിന്റെ 'ഇക്കോവാറിയർ' അവാർഡ് ഉപരാഷ്ട്രപതി ഹമീദ് അൻസാരിയിൽനിന്ന് സ്വീകരിക്കാൻ തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അധികാരികൾ ലീവ് അനുവദിച്ചില്ല. അവാർഡ് തപാലിൽ അയച്ചുതന്നാൽ മതിയെന്നായി യോഗാനന്തൻ. ആ ആവശ്യവും നിരസിക്കപ്പെട്ടു. തൊഴിലാളികൾ ഒന്നടങ്കം യോഗാനന്തന് പിന്തുണയുമായി വന്നതോടെ അധികൃതർക്ക് വഴങ്ങേണ്ടിവന്നു. തമിഴ്നാട്ടിലെ പല യൂണിവേഴ്സിറ്റികളിലും യോഗാനന്തന്റെ ഹരിത വിജയഗാഥയും മറ്റ് പരിസ്ഥിതി പ്രവർത്തനങ്ങളും പ്രൊജക്ടിനും ഗവേഷണങ്ങൾക്കും പഠനവിഷയമാണ്.

കവികൂടിയായ യോഗാനന്തൻ മരങ്ങളെക്കുറിച്ചെഴുതിയ കവിതകളുടെ സമാഹാരമാണ് 'മൂച്ചുകാറ്റ്'. മഹാനായ പരിസ്ഥിതി പ്രവർത്തകനും ജൈവകൃഷിയുടെ ആചാര്യനുമായിരുന്ന നമ്മാഴ്വാർ ആണ് കവിതാസമാഹാരം പ്രകാശനം ചെയ്തത്. മൂന്നു ഹ്രസ്വചിത്രങ്ങൾ സംവിധാനം ചെയ്തു. ദാഹം, കാ, തൊട്ടാൽ ചുരുങ്കി. മൂന്നും പരിസ്ഥിതി പാഠങ്ങൾതന്നെ. 'മധുബാനക്കടൈ' എന്ന ചലച്ചിത്രത്തിൽ കമലഹാസൻ പോലീസിനെ മെയ്യടക്കത്തോടെ അവതരിപ്പിച്ച് കൈയടി നേടി.

2008-ലെ ഇക്കോവാറിയർ അവാർഡിനു പുറമെ, 2009-ൽ അമേരിക്കയിൽനിന്ന് അൺസങ് ഹീറോ അവാർഡ്, 2010-ൽ തമിഴ്നാട് സർക്കാറിന്റെ ശുറ്റുച്ചൂഴൽ സെയൽ വീരർ അവാർഡ്, 2011-ൽ സി.എൻ.എൻ- ഐ.ബി.എൻ. റിയൽ ഹീറോ അവാർഡ്, 2015-ൽ പെരിയാർ അവാർഡ് തുടങ്ങിയവയും ഇദ്ദേഹത്തെത്തേടിയെത്തി.

യോഗാനന്തന് സ്വന്തമായി ഒരു ചവിട്ടടി മണ്ണില്ലെങ്കിലും ഈ പ്രകൃതിയും അതിലെ ലാവണ്യസാരവും തന്റേതെന്നുകൂടി അഭിമാനിക്കുന്ന വലിയൊരു മനസ്സുണ്ട്. താൻ പോറ്റിവളർത്തിയ മരങ്ങൾക്കുനേരെ വിരൽചൂണ്ടുമ്പോൾ ആ മുഖത്ത് എന്തൊരഭിമാനം! ആഗോളതാപനത്തിന് മരമാണ് മറുപടിയെന്ന് മധ്യവേനലിന്റെ വറചട്ടിയിൽ വീണപ്പോഴാണ് മലയാളികൾ തിരിച്ചറിഞ്ഞത്. കാവ് തീണ്ടരുതെന്ന് പഴമക്കാർ പറഞ്ഞതിന്റെ പൊരുളറിയാതെ സർപ്പക്കാവുകൾ വെട്ടിവെളുപ്പിച്ചു. തണ്ണീർത്തടങ്ങൾ മണ്ണിട്ടുമൂടി. എന്നിട്ട് കോൺക്രീറ്റ് കാടുകളിലിരുന്ന് വിലാപങ്ങൾ തീർത്തു.

നാം ദൈവം തന്ന ഹരിതഭൂമിയെ മരുഭൂമിയാക്കാൻ പാടുപെടുമ്പോൾ തമിഴ്നാട്ടിലെ വരണ്ടമണ്ണിന്മേൽ ഹരിത കഞ്ചുകം തീർക്കുകയാണ് യോഗാനന്തൻ. വിടനഖരമഴുമുനകൾ കേളി തുടരുമ്പോഴും, സൂര്യൻ അഗ്നിവർഷിച്ച് രോഷമുണരുമ്പോഴും ഇത്തരം ചില ഒറ്റമരങ്ങളുടെ ഊന്നുവേരുകളിലാണ് ഭൂമിയുടെ ഭാരമത്രയും.

madhuthripperumthura1@gmail.com




ഒരു പുരസ്കാര സ്വീകരണം